MONDAY

24.06.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


# Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/06/2024

1. നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡ് ധനസഹായം നൽകുന്നു. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉപയോഗിച്ച് തെങ്ങു പുതു കൃഷി പദ്ധതിയിലൂടെ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. അപേക്ഷാ ഫോം ബോർഡിന്റെ www.coconutboard.gov.in എന്ന വെബ് സൈറ്റിൽ നിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്ന കർഷകർക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കും. ഒന്നാം വർഷ സബ്സിഡി ലഭിച്ചതിനു ശേഷം രണ്ടാം വർഷത്തിലേയ്ക്കുള്ള അപേക്ഷ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0484- 2377266 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി കേരളാ സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ജൂലൈ നാലിന് വ്യാഴാഴ്ച ASAP, കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, വിദ്യാനഗർ, ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിന് സമീപം, കാസർഗോഡ് വെച്ച് ഒരു ഏകദിന സംരംഭകത്വ ബോധവത്കരണ സെമിനാർ നടത്തുന്നു. കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുവാനും അവ നടത്തിക്കൊണ്ടു പോകുന്നതിനും വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങളും ഈ സെമിനാറിൽ പ്രതിപാദിക്കുന്നതാണ്. കേന്ദ്ര, സംസ്ഥാന വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ചും, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള പദ്ധതികളെക്കുറിച്ചുള്ള ക്ലാസ്സുകളും ഉണ്ടായിരിക്കുന്നതാണ്. ഒപ്പം ഓരോ വ്യവസായവും വിജയകരമായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള ഒരു മോട്ടിവേഷൻ ക്ലാസും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൾപ്പെടുത്തിയിരിക്കുന്നു. സർക്കാർ നടത്തുന്ന ഈ സൗജന്യ സെമിനാറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അവരുടെ പേര്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രജിസ്റ്റർ ചെയ്യുക. രജിസ്റ്റർ ചെയ്ത ആദ്യ 150 പേർക്ക് ആയിരിക്കും പ്രവേശന അനുമതി ഉണ്ടായിരിക്കുകയുള്ളൂ. പട്ടിക ജാതി പട്ടിക വർഗ വിഭാഗക്കാർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് 0487 2360536, 8330080536 എന്നീ ഫോൺ നമ്പരിലോ martinpalakkad@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ നെടിയ ഇനം തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 0485 2554240, 8547992819 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ 20/-രൂപ നിരക്കിലും ലഭ്യമാണ്. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ ആറ്റൂർ വില്ലേജിൽ ചെറുകിട ജലസേചന വകുപ്പിന്റെ അധീനതയിലുള്ള അസുരൻകുണ്ട് അണക്കെട്ടിൽ മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനുമായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ടെണ്ടർ ക്ഷണിച്ചു. 2024 ജൂലൈ 1

മുതൽ 2027 മാർച്ച് 31 വരെ 33 മാസക്കാലയളവിലേക്കാണ് മത്സ്യബന്ധനത്തിന്റെ അവകാശം അനുവദിച്ചുകൊടുക്കുന്നത്. പൂരിപ്പിച്ച ടെണ്ടറുകൾ ജൂൺ 29 ന് രാവിലെ 11 ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0487 2441132.

**പരിശീലന പരിപാടി**

6. അന്താരാഷ്ട്ര MSME ദിനാചരണത്തിൻറെ ഭാഗമായി കേന്ദ്ര MSME മന്ത്രാലയത്തിന്റെ കീഴിൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന MSME -ഡെവലൊപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ് 2024 ജൂൺ 27-ാം തീയതി ഓഫീസ് അങ്കണത്തിൽ വെച്ച് സെമിനാർ സംഘടിപ്പിക്കുന്നു. ജൂൺ 25 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് - എം എസ് എം ഇ -ഡെവലപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ്, കാഞ്ഞാണി റോഡ്, അയ്യന്തോൾ പി. ഒ; തൃശ്ശൂർ -680003. 0487-2360536, 2360686, 2360216, 8330080536; ഇ -മെയിൽ - dcdi-thrissur@dcmsme.gov.in

7. വെള്ളായണി കാർഷിക കോളേജിലെ അനിമൽ ഹസ്ബൻഡറി വിഭാഗത്തിന് കീഴിലുള്ള പൗൾട്ടറി ഫാമിൽ നിന്നും അത്യുല്പാദന ശേഷിയുള്ള BV -380 ഇനത്തിൽപെട്ട ഒന്ന് മുതൽ രണ്ട് മാസം വരെ പ്രായം ഉള്ള മുട്ടക്കോഴി കുഞ്ഞുങ്ങൾ കുറഞ്ഞൊന്നിന് 180 രൂപ എന്ന നിരക്കിൽ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ താല്പര്യം ഉള്ളവർ അനിമൽ ഹസ്ബൻഡറി വിഭാഗത്തിൽ നേരിട്ടോ, 9645314843 എന്ന ഫോൺ നമ്പരിലോ, അനിമൽ ഹസ്ബൻഡറി വിഭാഗം, കാർഷിക കോളേജ്, വെള്ളായണി,

തിരുവനന്തപുരം -695522 എന്ന വിലാസത്തിലോ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് ബന്ധപ്പെടാവുന്നതാണ്.

8. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണ മാർഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) 26 ജൂൺ 2024 -ന് 10.30 മുതൽ 12.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം